(2) കരാറുകാരുടെ ദുരിതാശ്വാസ കുടിശ്ശിക തുക

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഭീമമായ കുടിശ്ശികയെത്തുടർന്ന് സ്തംഭിച്ചിരിക്കുകയാണ്. കരാറുകാർക്ക് സർക്കാരിൽ നിന്ന് ലഭിക്കാനുള്ള പണം കൃത്യസമയത്ത് കൊടുക്കാൻ കഴിയാത്തതിന്റെ ഫലമായി 20 മാസക്കാലമായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലാണ്. അതിൽ വെള്ളപ്പൊക്ക ദുരിതാശ്വാസവും വരൾച്ചാ ദുരിതാശ്വാസവുമുണ്ട്. പണം നൽകാത്തതിന്റെ ഫലമായി ഏറ്റെടുത്ത കരാറുകാരെല്ലാംതന്നെ പണി ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. പുതിയ കരാറുകളൊന്നും എടുക്കാനും തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ പദ്ധതിയിൽപ്പെട്ട കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയതായി പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ചെയ്ത പ്രവൃത്തികളുടെ തുക അനുവദിക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ്. പ്രസ്തുത തുകയുടെ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. 2015 മുതൽ 2020 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന് അനുവദിച്ചിരിക്കുന്നത് 1022 കോടി രൂപയാണ്. 2015-16 വിഹിതത്തിലെ തുകയിൽ നിന്നും ഇതുവരെ വിവിധ ശീർഷകങ്ങളിലായി 84 കോടി രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമം അനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും അതാത് ജില്ലാ കളക്ടർമാർ തുകകൾ അനുവദിച്ചുവരുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് വർഷങ്ങൾക്കുശേഷമാണ് പണി പൂർത്തിയാക്കി ഫണ്ടിനായി നിർവ്വഹണ ഏജൻസികൾ അപേക്ഷ സമർപ്പിക്കുന്നത്. ആയതിനാൽ പ്രസ്തുത വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുകയിൽ നിന്ന് മാത്രമേ കുടിശ്ശിക തുക വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും കുടിശ്ശിക

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുതീർക്കാനുള്ള പദ്ധതികളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വിവരങ്ങൾ അടിയന്തരമായി സംസ്ഥാന സർക്കാരിന് സമർപ്പിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും എത്രയും വേഗത്തിൽ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) തീരദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തീരദേശവാസികളുടെ വേദനയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. CRZ-ൽപ്പെടുന്ന പഞ്ചായത്തുകളിൽ 300-350 സ്ക്വയർ ഫീറ്റുള്ള വീടുകൾ വയ്ക്കുന്നതിനുള്ള അപേക്ഷകൾപോലും തിരുവനന്തപുരത്തെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അയയ്ക്കണം. ഈ വർഷം ഒൻപതിനായിരത്തോളം അപേക്ഷകൾ ലഭിച്ചു. അതിൽ രണ്ടായിരം അപേക്ഷകൾ പെൻഡിംഗാണ്. അപേക്ഷകൾ പാസ്സാക്കുന്നതിന് ആറ്, ഏഴ് മാസം എടുക്കുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, അവിടെ ആകെ ഒരു സെക്ഷനും നാല് സ്റ്റാഫും മാത്രമേയുള്ളൂ. ഈ അതോറിറ്റിയുടെ മീറ്റിംഗ് കൂടുന്നത് മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമാണ്. അഞ്ഞൂറോളം അപേക്ഷകളിൽ തീരുമാനം എടുത്താലും അതിൽ ഓർഡർ കൊടുക്കാനുള്ള സംവിധാനം അവിടെയില്ല. അതുകൊണ്ട് പാവപ്പെട്ടവർ വിഷമിക്കുകയാണ്. ഫിഷറീസ് വകുപ്പിന്റെ വീടൊഴിച്ച് ബാക്കി എല്ലാ വീടുകൾക്കും ഈ പ്ലാൻ പാസ്സാക്കി കൊടുത്താൽ മാത്രമേ ഹൗസിംഗ് ബോർഡ് ഉൾപ്പെടെ പണം കൊടുക്കുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതാനും മാസങ്ങൾക്ക് മുമ്പ് ഇവിടെ പ്രഖ്യാപിച്ച ഇളവുകൾ കേന്ദ്ര സർക്കാരിൽനിന്നും അടിയന്തരമായി വാങ്ങിയെടുക്കാനും ആ ഇളവുകൾ വരുന്നതുവരെയും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ എത്രയും വേഗം തീരുമാനമെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. CRZ വ്യവസ്ഥകളിൽ മത്സ്യത്തൊഴിലാളികൾക്ക് ഇളവ് വേണമെന്നുള്ള കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇന്നലെ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിലും നമ്മുടെ മുഖ്യമായ ആവശ്യം CRZ-ലെ ഇളവുകളും കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly